LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതരായ ആദിവാസികൾ

92 (1780) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ഭൂരഹിതരായ ആദിവാസികൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) അവർക്ക് ഭൂമി കൊടുക്കാൻ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് എന്നത്തേയ്ക്ക് നൽകുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 4057 കുടുംബങ്ങൾ.

(ബി) ഉണ്ട്.

(സി) ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് വളരെവേഗം വിതരണം ചെയ്യുന്നതാണ്.

വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾ

93 (1781) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ ഭൂരഹിതരായ എത്ര ആദിവാസികളുണ്ട് ;

(ബി) അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(സി) മാനന്തവാടി പഞ്ചായത്തിലെ പഞ്ചാരകൊല്ലി തേയിലത്തോട്ടം ആദിവാസികൾക്കു വിതരണം ചെയ്യുന്നതിനായി ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകുമെന്നു വ്യക്തമാക്കുമോ ;

(ഇ) തിരുനെല്ലി പഞ്ചായത്തിലെ ഉൾവനത്തിൽ താമസിക്കുന്ന ആദിവാസികളെ അവിടെനിന്ന് മാറ്റിപാർപ്പിക്കുവാൻ നടപടിയെടുക്കുമോ ;

(എഫ്) അവർക്ക് തൊഴിലും ഭൂമിയും ലഭ്യമാകുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ 13,303 ഭൂരഹിത ആദിവാസി കുടുംബങ്ങളുണ്ട്.

(ബി) 37 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് കുന്നത്തിടവക വില്ലേജിൽ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. സുഗന്ധഗിരി, പൂക്കോട് പ്രോജക്ടുകളുടെ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാലുടൻ ബാക്കി ഭൂരഹിതരായവർക്കും ഭൂമി നൽകാനാവും എന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇങ്ങനെ ഒരാവശ്യം ഉന്നയിച്ചിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

ആദിവാസി മേഖലകളിലെ ട്രൈബൽ പ്രോമോട്ടർമാർ

94 (1782) ശ്രീ. പി. നാരായണൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ മൊത്തം എത്ര ട്രൈബൽ പ്രൊമോട്ടർമാർ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവർക്ക് നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) കൂടുതൽ ട്രൈബൽ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ട്രൈബൽ അഡ്വൈസറി ബോർഡ് നിലവിലുണ്ടോ ; ഈ ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(ഇ) ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുള്ള അധികാരം ഈ അഡ്വൈസറി ബോർഡിന് നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) 647

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആവശ്യാനുസരണം നിയമിക്കുന്നതാണ്.

(ഡി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, അവരുടെ പ്രശ്നങ്ങൾ ഉന്നതതലത്തിൽ ശ്രദ്ധയിൽ കൊണ്ടുവരിക എന്നിവയാണ് ചുമതലകൾ.

(എഫ്) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly